# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കോളേജ്, പടന്നക്കാട്

പടന്നക്കാട് (പി.ഒ), കാസറഗോഡ് ജില്ല, പിൻ-671314, കേരളം

ഫോൺ: 91 467 2282699, 91 467 2280616, E-mail: coapad@kau.in


**നമ്പർ. COAPAD/2987/2025-C2** **തീയ്യതി:26-09-2025**

**ടെൻഡർ നോട്ടീസ്**

കാർഷിക കോളേജ്, പടന്നക്കാട് ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-II ലേക്ക് **2025-26** സാമ്പത്തിക വർഷത്തിൽ പുരുഷ തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ നൽകുവാൻ താൽപര്യമുള്ള സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

ടെൻഡറിൽ പുരുഷ തൊഴിലാളികൾക്കുള്ള ഒരു ദിവസത്തെ നിരക്ക് പ്രത്യേകം രേഖപ്പെടുത്തി മുദ്രവെച്ച കവറിൽ **"തൊഴിലാളികളെ നൽ കുന്നതിനായുള്ള ടെൻഡർ"** എന്ന് രേഖപ്പെടുത്തി **08.10.2025-ന് ഉച്ചയ്ക്ക് 3.00 മണിക്ക് മുൻപായി ഡീൻ, കാർഷിക കോളേജ് പടന്നക്കാട് പി.ഒ, പിൻ 671314 -** എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടറിൽ ഒരു തൊഴിലാളിക്ക് ഒരു ദിവസത്തേക്കുള്ള കൂലി ആണ് എഴുതേണ്ടത്.

**ടെൻഡറുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 08.10.2025-ന് (തിങ്കളാഴ്ച) ഉച്ചയ്ക്ക് 3.0 0 മണി** വരെയാണ്. കിട്ടിയ ടെൻഡറുകൾ അന്നുതന്നെ ഉച്ചയ്ക്ക് 3.30ന് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ പടന്നക്കാട് കോളേജിൽ വെച്ച് തുറക്കുന്നതും മറ്റെല്ലാ വ്യവസ്ഥകളും തൃപ്തിപ്പെടുത്തി സ്വീകരിക്കുന്നതും ആയിരിക്കും. വൈകിയതും അപൂർണ്ണവുമായ ടെൻഡറുകൾ പരിഗണിക്കുന്നതല്ല. ഏതെങ്കിലും കാരണവശാൽ അന്നേദിവസം അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സമയത്ത് ടെൻഡറുകൾ തുറക്കുന്നതാണ്. കാരണങ്ങളൊന്നും നൽകാതെ ടെൻഡറുകൾ സ്വീകരിക്കാനോ നിരസിക്കാനോ മാറ്റിവയ്ക്കാനോ ഡീനിന് പൂർണ്ണ അധികാരമുണ്ട്.

ദർഘാസ് അംഗികരിച്ച് അറിയിപ്പ് ലഭിച്ചാൽ ഫാമിലെ ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ തൊഴിലാളികളെ സമയബന്ധിതമായി നൽകേണ്ടതാണ്. വേതനത്തിനായി ആകെ തൊഴിൽ ദിനങ്ങൾ കണക്കാക്കി ഇൻവോയ്സ് (2 കോപ്പി) ഓഫീസിൽ നൽകേണ്ടതാണ്. അതിനായി പാൻകാർഡിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി നൽകേണ്ടത്താണ്.

**ജോലിയുടെ സ്വഭാവം**

കൃഷി അനുബന്ധ ജോലികളായ തടം തുറക്കൽ, കളയെടുപ്പ്, വളപ്രയോഗം, തെങ്ങ് കയറ്റം, പച്ചക്കറികളുടെ വിത്തുല്പാദനം, റൂട്ട് സ്റ്റോക്ക് ഉല്പാദനം മുതലായവ

1. നിശ്ചിത ടെൻഡർ ഫോമിൽ പുരുഷ തൊഴിലാളികളുടെ ഒരു ദിവസത്തെ നിരക്ക് പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. ടെൻഡർ ഫോം

**http://kau.in/tenders** എന്ന പോർട്ടലിൽ ലഭ്യമാണ്.

2. അനുബന്ധമായി ചേർത്തിട്ടുള്ള ടെൻഡർ നിബന്ധനകൾ ഒപ്പ്, പേര്, മേൽവിലാസം എന്നിവ രേഖപ്പെടുത്തി ടെൻഡർ ഫോമിനൊപ്പം സമർപ്പിക്കണം.
3. ടെൻഡർ തുകയായ **500** രൂപ, ജി.എസ്.ടി **(18%) 90** രൂപ, നിരതദ്രവ്യമായ (ഇ.എം.ഡി) **2,100** രൂപ എന്നിവ ഡീൻ, കാർഷിക കോളേജ്, പടന്നക്കാട് എന്ന പേരിൽ നീലേശ്വരം ശാഖയിൽ മാറാവുന്ന **3** വ്യത്യസ്ത ഡിമാന്റ് ഡ്രാഫ്റ്റുകൾ / ഓഫീസിൽ ഒടുക്കിയ രസീത് സഹിതം കവറിൽ അടക്കം ചെയ്യേണ്ടതാണ്. വൈകിയതും അപൂർണ്ണവുമായ ടെൻഡറുകളും, ഇഎംഡിയും ടെൻഡർ ഫീസും സമ്മതപത്രവും ഇല്ലാത്ത ടെൻഡറുകളും സ്വീകരിക്കുന്നതല്ല.
4. ടെൻഡർ ലഭിക്കുന്ന വ്യക്തി **2025-26** വർഷത്തെ മൊത്തം തുകയുടെ **5%** സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതാണ്. കാലാവധിയ്ക്ക് ശേഷം ഈ തുക പലിശ രഹിതമായി തിരികെ നൽകുന്നതാണ്.
5. കരാറുകാരന്റെ മേൽവിലാസം, ഫോൺ നമ്പർ അടങ്ങിയ തിരിച്ചറിയൽ രേഖ ടെൻഡറിനൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്.
6. **12/2017- Central tax dated 28.06.2017** പ്രകാരം മേൽ ജോലിക്ക് ജി.എസ്.ടി ബാധകമല്ല.

<u>**നിബന്ധനകൾ**</u>

7. കായിക ശേഷിയുള്ള **18**-നും **60**-നും ഇടയിൽ പ്രായമുള്ള തൊഴിലാളികളെയായിരിക്കണം ജോലിയ്ക്കായി നൽകേണ്ടത്. നിയോഗിക്കുന്ന ഇവരുടെ തിരിച്ചറിയൽ രേഖ, ആരോഗ്യ സർട്ടിഫിക്കറ്റ് എന്നി ഓഫീസിൽ മുൻകൂട്ടി നൽകേണ്ടതാണ്.
8. ജോലി സമയം ഫാമിന്റെ പ്രവൃത്തി സമയത്തിനനുസൃതമായിരിക്കും.
9. ഈ ടെൻഡറുകൾ പ്രകാരം ജോലിക്ക് നിയോഗിക്കുന്ന തൊളിലാളികൾക്ക് ജോലികൾക്കിടയിലുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കേരള കാർഷിക സർവ്വകലാശാല യാതൊരുവിധ ഉത്തരവാദിത്വവും ബാധ്യതയും വഹിക്കുന്നതല്ല.
10. മേൽപ്പറഞ്ഞ ജോലിക്ക് ഒരു ദിവസത്തെ വേതന നിരക്ക് രേഖപ്പെടുത്തിയിരിക്കണം. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തി/സ്ഥാപനത്തിന്റെ ടെൻഡർ തൃപ്തികരമെന്ന് തോന്നിയാൽ മാത്രം സ്വീകരിക്കുന്നതും ടെൻഡർ ഉറപ്പിച്ചു നൽകുന്നതുമായിരിക്കും. ഓരോ ദിവസവും സ്റ്റേഷൻ മേധാവി ആവശ്യപ്പെടുന്ന തൊഴിലാളികളുടെ നിശ്ചിത എണ്ണം തലേ ദിവസം മുൻകൂട്ടി മേലധികാരികളിൽ നിന്നും അറിഞ്ഞിരിക്കേണ്ടതാണ്. കരാറുകാരന്റെ/ തൊഴിലാളികളുടെ കൃത്യവിലോപം, അശ്രദ്ധ മുതലായവ മൂലം ഫാമിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്.
11. ജോലികൾ തൃപ്തികരമല്ലെങ്കിൽ ടെൻഡർ കരാർ യാതൊരു മുന്നറിയിപ്പും

കൂടാതെ അവസാനിപ്പിക്കാനുള്ള അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

12. ഇപ്രകാരം കരാർ ഏറ്റെടുക്കുന്ന കരാറുകാരനോ, ജോലിയ്ക്ക് നിയോഗിക്കുന്ന തൊഴിലാളിക്കോ ജോലിയുടെ വേതനം കൈപ്പറ്റുവാൻ മാത്രമേ അവകാശം ഉണ്ടായിരിക്കുകയുള്ളൂ. സർവ്വകലാശാലയുടെ നിയമനങ്ങളിൽ യാതൊരുവിധ പരിഗണനയ്ക്കോ മുൻഗണനയ്ക്കോ മറ്റ് ആനുകൂല്യങ്ങൾക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല.
13. സർക്കാർ ടെൻഡറുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ടെൻഡറിനും ബാധകമായിരിക്കും.

**Dr. Sajitha Rani T**
**DEAN**

**പകർപ്പ് :-**

1. നോട്ടീസ് ബോർഡ് - കോളേജ് ഓഫീസ്, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I,II
2. വില്ലേജ് ഓഫീസ് (നീലേശ്വരം / കാഞ്ഞങ്ങാട് സൗത്ത്)
3. നഗരസഭാ ഓഫീസ് (നീലേശ്വരം / കാഞ്ഞങ്ങാട് )
4. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്
5. കെ.എ.യു വെബ്സൈറ്റ്
6. ഡോ. മണികണ്ഠൻ എൻ., അസിസ്റ്റന്റ് പ്രൊഫസർ, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് II ചുമതലയുള്ള ഉദ്യോഗസ്ഥൻ
7. ശ്രീമതി. രേഖ എം., ഫാം മാനേജർ ഗ്രേഡ്-I, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I & II
8. വർക്ക് കമ്മിറ്റി
9. D2 COAPAD സെക്ഷൻ

**//അംഗീകാരത്തോടുകൂടിഅയക്കുന്നത്//**

Signed by
Sudhir C
Date: 26-08-2025 12:20:20